ഗവണ്മെൻറു അനുവാദം തന്നു. അതു കിട്ടാതിരുന്നതാണു്. എന്തുകൊണ്ടു് കിട്ടിയില്ല എന്നു ചോദിച്ചാൽ, ഇപ്പോഴത്തെ സാഹചര്യത്തിൽ ഇൻഡ്യയിൽ പല നല്ല സ്ഥാപനങ്ങളുമുള്ളതുകൊണ്ടു് ഇവിടെ നിന്നുതന്നെ കിട്ടുമോ എന്നു പരിശ്രമിച്ചുനോക്കി. ഇതുവരെ കിട്ടിയില്ല. പക്ഷേ അതു കിട്ടാൻ നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. കഴിയുന്നതും വേഗം ഈ വ്യവസായത്തിലുള്ള ബുദ്ധിമുട്ടുകളില്ലാതാക്കി ഈ പരിഷ്കാരം നടപ്പിലാക്കാൻ കഴിയുമെന്നാണു് ഗവണ്മെൻറിൻറെ അഭിപ്രായം. പിന്നെ അദ്ദേഹം പറഞ്ഞു, ഒരു മാനേജിംഗു് ഡയറക്ടരെ മാത്രമേ ഈ ഡിപ്പാർട്ടുമെൻറു സ്ഥാപനങ്ങൾക്കായി നിയമിച്ചിട്ടുള്ള എന്നു്. ഈ വ്യവസായങ്ങളെല്ലാം ഇൻഡസ്ട്രീസു് ഡിപ്പാർട്ടുമെൻറിൻറെ കീഴിൽ നടന്നുവന്നതാണു്. ഓരോ വ്യവസായസ്ഥാപനങ്ങളിലും ആവശ്യത്തിനുള്ള ഉദ്യോഗസ്ഥന്മാരുണ്ടു്. അവിടെയുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം കുറെ ആളുകൾ ഈ ഡിപ്പാർട്ടുമെൻറിൽനിന്നു പോയിട്ടുള്ളവരാണു്. കുറേ ആളുകൾ അവിടെതന്നെ വന്നിട്ടുള്ളവരാണു്. ഇവരുടെയൊക്കെ ജോലിസൗകര്യം നിജപ്പെടുത്തുക എന്നുള്ള കാമൺപ്രോബ്ലത്തിനു് തീരുമാനം എടുക്കേണ്ടതായിട്ടുണ്ടു്. ആ കാമൺ പ്രോബ്ലത്തിനു് ഒരു തീരുമാനം എടുക്കുന്നതുവരെയാണു് ഇങ്ങനെ ഒരു ജനറൽമാനേജരെ ഉദ്യോഗത്തിൽ തുടരുവാൻ അനുവദിച്ചിട്ടുള്ളതു്, അല്ലാതെ ഒരു ഡയറക്ടരെ വയ്ക്കണമെന്നല്ല ഗവണ്മെൻറിൻറെ ഉദ്ദേശം. അവിടെയുണ്ടാകുന്ന കാമണായ എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരം കാണുന്നതുവരെയാണു് ഇങ്ങനെ ഒരു മാനേജിംഗു് ഡയറക്ടരെ നിയമിച്ചിട്ടുള്ളതു്.

പിന്നെ ഇവിടെ സ്വർണ്ണത്തൊഴിലാളികളുടെ കാര്യം പറഞ്ഞു. രണ്ടുമൂന്നു പ്രാവശ്യം ഇതെപ്പറ്റി ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണു്. അവശ്യമനുഭവിക്കുന്ന സ്വർണ്ണത്തൊഴിലാളികൾക്കുവേണ്ടി ഗവണ്മെൻറു് നേരത്തേതന്നെ ഒരു പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടു്. പത്തുലക്ഷം രൂപ ഈ കാര്യത്തിനു വേണ്ടി കടമായി, കോവാപ്പറേറീവു് സൊസൈറ്റികളുണ്ടാക്കാനും, ചെറുകിട വ്യവസായങ്ങൾ തുടങ്ങാനും, പേഴ്സണൽ സെക്യൂരിറ്റിയിൽ കടം കൊടുക്കാനും ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ടു്. പക്ഷേ അതു് ഇനിയും നിവൃഹിക്കപ്പെട്ടിട്ടില്ല. ഇതിൽ കുറച്ചു സംഖ്യ മാത്രമേ ചെലവായിട്ടുള്ളൂ. സ്വർണ്ണനിയന്ത്രണ ചട്ടത്തിൽ കുറെ അയവു് വന്നതിൻറെ ഫലമായി ഇന്നത്തെ നമ്മുടെ പദ്ധതിയനുസരിച്ചുള്ള സൊസൈറ്റികൾ സ്ഥാപിച്ചു് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനും, കടമെടുക്കുന്നതിനും കാര്യമായ ഉത്സാഹം സ്വർണ്ണത്തൊഴിലാളികളുടെ പക്കൽനിന്നു് ഉണ്ടാകുന്നില്ല. ഇതിൻറെ നടപടി ക്രമങ്ങൾക്കുവേണ്ടി പ്രത്യേക ഉദ്യോഗസ്ഥന്മാരെതന്നെ വച്ചിട്ടുണ്ടു്. കഴിഞ്ഞ ഒന്നു രണ്ടു മാസമായി പ്രവർത്തിക്കുകയാണു്. സൊസൈറ്റികൾ തുടങ്ങുന്നതിനും മറ്റു അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ കിട്ടുന്നതിനുമായി മുന്നോട്ടു വരുന്നതിനു് സ്വർണ്ണത്തൊഴിലാളികൾ ഒരു ശ്രദ്ധക്കുറവു് കാണിക്കുന്നില്ലെന്ന ആക്ഷേപമുണ്ടു്. അതൊക്കെ ഇല്ലാതാക്കാൻ ബഹുമാനപ്പെട്ട മെമ്പർമാരുടെ കാര്യമായി സഹായിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. നീക്കിവച്ച പത്തുലക്ഷം രൂപയുടേയും അഭ്യർത്ഥന വന്നിട്ടില്ല. ഇപ്പോൾ ചെലവാക്കാൻ കഴിയുന്നതു മാത്രമാണു് ഒരു ഉപധനാഭ്യർത്ഥനയായി ആവശ്യപ്പെട്ടിരിക്കുന്നതു്.

The question that a supplementary sum not exceeding Rs. 1,04,47,600 be granted under Demand LV—Loans and Advances by the Government, was put and carried.

The Grant was made.

Demand I—Agricultural Incometax and Salestax

The question that a supplementary sum not exceeding Rs. 56,400 be granted under Demand I — Agricultural Incometax and Salestax, was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly